(എഫ്) പ്രസ്തുത പാലം സ്ഥിതി ചെയ്യുന്ന ഇരുകരകളിലുമുള്ള ഗ്രാമപഞ്ചായത്തുകൾ, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ പാലം പൊളിച്ചുമാറ്റുന്നതിനെക്കുറിച്ച് അറിയിപ്പുകൾ നൽകിയിരുന്നോ; എങ്കിൽ എന്നാണ് എന്ന് പറയാമോ ;

(ജി) പാലം പൊളിച്ചുനീക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേക്ക് പരസ്യബോർഡുകൾ വച്ചിരുന്നുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എച്ച്) പാലം പൊളിച്ചുമാറ്റുന്ന സമയത്ത് സംഭവിച്ച അപകടത്തെക്കുറിച്ചും തുടർന്നുണ്ടായ മരണങ്ങളെക്കുറിച്ചും എന്തെങ്കിലും വിധത്തിലുള്ള അന്വേഷണം നടത്തുന്നുണ്ടോ ; എങ്കിൽ അന്വേഷണത്തിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 11-11-2004-ലാണ് അപകടം നടന്നത്. അപകട കാരണം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

(ബി) മുതൽ (എച്ച്) വരെ വിവരം ശേഖരിച്ചുവരുന്നു.

വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേ മേൽപ്പാലം നിർമ്മിക്കാൻ നടപടി

61 [659] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ മേൽപ്പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും അംഗീകരിച്ച് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) മേൽപ്പാലം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ വിഹിതമായി അടയ്ക്കേണ്ട തുക അടയ്ക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഡിസൈൻ അംഗീകരിക്കുന്നതിനായി സർക്കാർ സതേൺ റെയിൽവേ ചീഫ് എഞ്ചിനീയറോട് 23-4-2004-ൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മേൽപ്പാലം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ 19 ലക്ഷം രൂപ അടച്ചിട്ടുണ്ട്. ബാക്കി തുകയായ 15 ലക്ഷം രൂപ അടയ്ക്കേണ്ടതുണ്ട്.

(ഡി) ഡെപ്പോസിറ്റ് പദ്ധതി പ്രകാരം റെയിൽവേ വകുപ്പാണ് മേൽപ്പാലം നിർമ്മിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly